# 12

# ഈ ഭൂമിയിലെ നിങ്ങളുടെ അവസാന ദിവസം നിങ്ങൾ എങ്ങനെ ചെലവഴിക്കും

## (2 രാജാക്കന്മാർ 2:1-18)

ഏലിയാവിനെ കുറിച്ചുള്ള നമ്മുടെ പരമ്പര അവസാനിപ്പിക്കുമ്പോൾ, എനിക്ക് അൽപം സങ്കടം വരുന്നുണ്ട്. ഏലിയാവിനെ കുറിച്ചു ഞാൻ എന്റെ പഠനം തുടങ്ങിയപ്പോൾ, സാധാരണ ഒരാളെ പരിചയപ്പെടുന്നതുപോലെയേ തോന്നിയുള്ളു. മാസങ്ങളോളം എടുത്ത് ഞാൻ അവനെ അറിഞ്ഞപ്പോൾ, ഞാൻ അവന്റെ സ്നേഹിതനായി മാറിയിരിക്കുന്നു.

2 രാജാക്കന്മാർ 2:1–18–ൽ ഏതൊരാളുടേയും ജീവിതത്തിന്റെ പര്യവസാനമായി തീർച്ചപ്പെടുത്താവുന്ന നാടകീയമായ ഒന്നു തന്നെയാണ്. ലോകചരിത്രത്തിൽ, മരിക്കാതെ നേരിട്ടു സ്വർഗത്തിലേക്ക് പോയവർ രണ്ടു പേർ മാത്രമാണ്: ഹാനോക് (ഉൽപത്തി 5), ഏലിയാവ് (2 രാജാക്കന്മാർ 2).

ഏലിയാവിന്റെ ജീവിതം ഇതിലപ്പുറം എങ്ങനെ അവസാനിപ്പിക്കുവാൻ കഴിയും? സ്വർഗത്തിൽനിന്നു തീ ഇറക്കുവാൻ ശക്തിയുള്ളവനായതുകൊണ്ട്, അവനെ ശത്രുക്കൾക്ക് കൊല്ലുവാൻ സാധ്യമല്ല. നേരെ മറിച്ച്, വൃത്തിയുള്ള കിടക്കവിരിയിൽ മരണശയ്യയിൽ അവൻ കിടക്കുന്നതും നമുക്ക് ഊഹിക്കുവാൻ പ്രയാസമാണ്. അവന്റേത് അസാധാരണമായ ഒരു ജീവിതമായിരുന്നു, അവന്റെ ജീവിതത്തിന്റെ അന്ത്യവും അസാധാരണമായിരുന്നു.

ഇപ്പോൾ നമുക്ക് ''നിങ്ങളുടെ ഭൂമിയിലെ അവസാന നാൾ'' എങ്ങനെ ചെലവഴിക്കും എന്നു ചിന്തിക്കാം. ഏലിയാവ് തന്റെ ജീവിതത്തിൽ എങ്ങനെ ചെലവഴിച്ചു എന്നു 2 രാജാക്കന്മാർ 2:1–18–ൽ പറയുന്നു.

ഈ ഭൂമിയിലെ നിങ്ങളുടെ അവസാന ദിവസം നാളെത്തന്നെയാണ് എന്നു അറിഞ്ഞാൽ, നിങ്ങൾ ആ ദിവസം എങ്ങനെ ആയിരിക്കും ചെലവഴിക്കുക? ഈ ചോദ്യം പലരേയും ചിന്തിപ്പിച്ചിട്ടുണ്ട്. തങ്ങൾക്ക് ഈ ഭൂമിയിൽ ചെലവഴിക്കുവാൻ ഏതാനും മണിക്കൂറുകൾ മാത്രമെയുള്ളു എന്നതിനാൽ, ആളുകളുടെ വികാരങ്ങളും പ്രവൃത്തികളും പ്രകടിപ്പിക്കുന്നത് സിനിമ, നാടകങ്ങൾ, പുസ്തകങ്ങൾ കഥകൾ എന്നിവയിലൂടെ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ഇരുപത്തി-നാല് മണിക്കുറിനു ശേഷം വാസ്തവത്തിൽ, ക്രിസ്തു മടങ്ങി വരും, പിന്നെ ഈ ലോകം ഉണ്ടാവുകയില്ല എന്നറിഞ്ഞാൽ, ഞാൻ ഊഹിക്കുന്നത് സമൂഹം രണ്ടായി പിളരും: ഒരു കൂട്ടർ പ്രാർത്ഥനാലയങ്ങളിൽ തിങ്ങി കൂടി അനുതാപത്തിലും പ്രാർത്ഥനയിലുമായിരിക്കും. വേറൊരു കൂട്ടർ ''തിന്നുക, കുടിക്കുക, നാളെ ചാകുമല്ലോ'' എന്നു പറഞ്ഞു വിഷയനിമഗ്നമായി ജീവിക്കും (1 കൊരിന്ത്യർ 15:32).

ചുരുങ്ങിയ സമയമേ നമുക്ക് ജീവിക്കുവാനുള്ളു എന്നറിഞ്ഞാൽ നാം

ഏങ്ങനെ അതു ചെലവഴിക്കുമെന്നത് നമുക്ക് ഊഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഏലിയാവിന്റെ ജീവിതത്തെ സംബന്ധിച്ച് നമുക്ക് ഊഹിക്കേണ്ട ആവശ്യമില്ല. ഈ ഭൂമിയിൽനിന്നു തന്നെ ഉടനെ എടുക്കുമെന്ന് ഏലിയാവിന് അറിയാമായിരുന്നു. അദ്ധ്യായം തുടങ്ങുന്നു, ''*യഹോവ ഏലിയാവെ ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് എടുത്തുകൊൾവാൻ ഭാവിച്ചിരിക്കുമ്പോൾ*, ഏലിയാവ് ഏലിശയോടുകൂടെ ഗിൽഗാലിൽനിന്നു പുറപ്പെട്ടു'' (വാക്യം 1; എംഫസിസ് മൈൻ). ''ഞാൻ നിന്നിൽനിന്നും *എടുത്തുകൊള്ളപ്പെടുമ്പോൾ*, നീ എന്നെ കാണുന്നുവെങ്കിൽ, നിനക്ക് അങ്ങനെ ഉണ്ടാകും'' (വാക്യം 10; എംഫസിസ് മൈൻ).

അതായിരുന്നു ഏലിയാവിന് അവസാനമായി ചെലവഴിക്കുവാനുള്ള ദിവസം എന്ന് അവന് എങ്ങനെ അറിയുവാൻ കഴിഞ്ഞു എന്നു നോക്കാം. ഒരുപക്ഷെ നാമും, ഈ ഭൂമിയിലെ നമ്മുടെ അവസാന നാളും ചെലവഴിക്കേണ്ടത് അങ്ങനെ ആയിരുന്നേക്കാം.

## നിങ്ങളുടെ അവസാന നാൾ ദൈവേഷ്ടം ചെയ്യുവാൻ ചെലവിടുക (2:1, 2)

> യഹോവ ഏലിയാവെ ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് എടുത്തുകൊൾവാൻ ഭാവിച്ചിരിക്കുമ്പോൾ, ഏലിയാവ് ഏലീശയോടുകൂടെ ഗിൽഗാലിൽനിന്നു പുറപ്പെട്ടു. ഏലിയാവ് ഏലീശയോട്, ''നീ ഇവിടെ താമസിച്ചുകൊൾക; യഹോവ എന്നെ ബേഥേലിലേക്ക് അയച്ചിരിക്കുന്നു'' എന്നു പറഞ്ഞു. ഏലിശാ അവനോട്, ''യഹോവയാണ, നിന്റെ ജീവനാണെ, ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞു.'' അങ്ങനെ അവർ ബേഥേലിലേക്കു പോയി (വാക്യങ്ങൾ 1, 2).

നാം ഏലിയാവിനെ ആദ്യം കണ്ടപ്പോൾ (1 രാജാക്കന്മാർ 17:1), അവൻ ''യഹോവയുടെ സന്നിധിയിൽ നിന്നു'' എപ്പോഴും യജമാനൻ കൽപിക്കുന്നതു ചെയ്യുവാൻ തയ്യാറായി നിൽക്കുന്ന സ്വഭാവത്തോടുകൂടിയായിരുന്നു. അത്തരത്തിൽ തന്നെയാണ് അവൻ വീണ്ടും വീണ്ടും പ്രതികരിക്കുന്നത് എന്നു കാണാം, അവൻ ''യഹോവയുടെ വചനത്തിനായി'' കാത്തിരുന്നു. ഈ സംഭവത്തിന്റെ ആരംഭത്തിൽ ഏലിയാവ് ഗിൽഗാലിൽ ആയിരുന്നു, ഒരുപക്ഷെ അത് യോശുവ കൈവശമാക്കിയ പ്രസിദ്ധമായ സ്ഥലമായിരുന്നേക്കാം.[1] ദൈവം അവനോട് വീണ്ടും സംസാരിച്ചു. ഏലിയാവ് പറഞ്ഞു, ''യഹോവ എന്നെ ബേഥേലിലേക്ക് അയച്ചിരിക്കുന്നു.''

''അങ്ങനെ അവർ [ഏലിയാവും ഏലീശയും] ബേഥേലിലേക്ക് പോയി'' (വാക്യം 2). ഈ അദ്ധ്യായത്തിലെ രസകരമായ വസ്തുത ഇതാ: വാക്യം 1 അനുസരിച്ച്, അതെല്ലാം ഏലിയാവിനെ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതിലേക്കു നയിക്കുന്നതാണ്. യോർദ്ദാൻ നദിയുടെ കിഴക്കു ഭാഗത്തുവെച്ചാണ് ഏലിയാവ് ''എടുക്കപ്പെടുന്നത്'' എന്ന് വാക്യം 8 മുതൽ 11 വരെ വായിച്ചാൽ മനസിലാകും.എങ്ങനെയായാലും, ഏലിയാവിനു തന്റെ അന്തിമസ്ഥാനം അറിയാമായിരുന്നു എന്ന സൂചന ഒന്നുമില്ല. ദൈവം അവനോട് പോകുവാൻ പറഞ്ഞ സ്ഥലത്തേക്ക് അവൻ പോയി, ഗിൽഗാലിൽ നിന്നു ബേഥേലിലേക്ക്, ബേഥേലിൽനിന്നു യെരിഹോവിലേക്ക്, യെരിഹോവിൽനിന്നു യോർദ്ദാൻ ന

ദിക്കരയിലേക്ക്. അത് ദൂരം നോക്കുകയാണെങ്കിൽ, ഫോർട്ടെവർത്തിൽനിന്നു ഓക്ലഹോമ സിറ്റി വഴി ഓസ്റ്റിനിലേക്കും, അവിടെനിന്നു കൻസാസ് സിറ്റിയിലേക്കും[2] പോകുന്നതുപോലെയായിരിക്കും. ദൈവം ഏലിയാവിനോട് ബേഥേലിലേക്ക് പോക എന്നു പറഞ്ഞു, അവൻ പോയി. ദൈവം ഏലിയാവിനോട് യെരിഹോവിലേക്ക് പോക എന്നു പറഞ്ഞു, അവൻ പോയി. ദൈവം അവനോട് യോർദ്ദാൻ നദി കടന്നു പോകുക എന്നു പറഞ്ഞു, അവൻ പോയി. ''പിന്നെ സ്വർഗത്തിലേക്ക് പോക'' എന്നു പറഞ്ഞു, അവൻ പോയി. നാമെല്ലാം അങ്ങനെയായിരിക്കണം – തർക്കമോ, വാദമോ, പരാതിയോ ഇല്ലാതെ – ''കർത്താവേ, നീ എന്തു ചെയ്യണമെന്നു പറഞ്ഞാലും ഞാൻ ചെയ്യാം, നീ എവിടെ പോകുവാൻ പറഞ്ഞാലും ഞാൻ പോകാം.''

ദൈവേഷ്ടം ചെയ്തുകൊണ്ടാണ് ഏലിയാവ് ആ ദിവസം ചെലവഴിച്ചത്. ഹാനോക്കിനെ കുറിച്ചു പറഞ്ഞ വാക്ക് കടമെടുത്ത് ഏലിയാവിന്റെ അവസാന നാളിനെ ചുരുക്കി ഇങ്ങനെ പറയാം: ''[ഏലിയാവ്] ദൈവത്തോടുകൂടി നടന്നതിനാൽ, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ, പിന്നെ അവനെ കണ്ടില്ല'' (ഉൽപത്തി 5:24).

## നിങ്ങളുടെ അവസാന നാൾ ദൈവത്തിന്റെ സ്നേഹിതരുമായി ചെലവഴിക്കുക (2:1, 2)

അടുത്ത സമയത്തുള്ള ഒരു ടിവി പ്രോഗ്രാമിലെ മുഖ്യകഥാപാത്രം പറഞ്ഞു, ''ഞാൻ പാക്കോടുകൂടി ഓടുവാൻ ഒരിക്കലും ശ്രദ്ധിച്ചിരുന്നില്ല.'' ഏലിയാവിനെ നമുക്ക് അത്തരത്തിൽ കാണാം. അവൻ ദൈവത്തിന്റെ ''ഏക-സൈന്യ മനുഷ്യനായിരുന്നു.'' കർമ്മേൽ പർവ്വതത്തിൽ അവൻ ബാലിനെതിരെ ഒറ്റക്കായിരുന്നു പൊരുതിയത്. ''നിങ്ങൾ ഒറ്റക്കാണ് ഓടുന്നതെങ്കിൽ, വേഗത്തിൽ ഓടുവാൻ കഴിയും'' എന്ന തത്വമായിരുന്നു അവന്റേത്.

എങ്കിലും, ഏലിയാവിന് ഒരു സ്നേഹിതൻ വേണമെന്ന് ദൈവത്തിന് അറിയാമായിരുന്നു. ഏലിയാവ് നിരുൽസാഹപ്പെട്ടപ്പോൾ, അവൻ പറഞ്ഞു, ''ഞാൻ ഒരുത്തൻ മാത്രം *ശേഷിച്ചിരിക്കുന്നു*'' (1 രാജാക്കന്മാർ 18:22; 11:10, 14). ദൈവം പറഞ്ഞു, ''അതു ശരിയല്ല.'' ബാലിന്നു മുട്ടു മടക്കാത്ത വിശ്വസ്തരായ ഏഴായിരം പേർ അപ്പോഴുമുണ്ടെന്ന് ദൈവം അരുളിച്ചെയ്തു, ഏലിയാവിന് ഒരു സ്നേഹിതനെ ചുമതലപ്പെടുത്തുകയും ചെയ്തു (1 രാജാക്കന്മാർ 19:16–21). ആ സമയം മുതൽ ഏലിശാ ഏലിയാവനെ ഒരു ഭൃത്യനെ[3] പോലെ പിന്തുടർന്നു, എന്നാൽ ഭൃത്യനെക്കാളുപരിയായിരുന്നു. ഏലിയാവ് ഒരുപക്ഷെ ഇഷ്ടപ്പെടുവാനോ അടുക്കുവാനോ പ്രയാസമുള്ള ആളായിരുന്നേക്കാം. എങ്ങനെയായാലും, മറ്റുള്ളവർക്ക് കാണുവാൻ കഴിയാത്ത ചിലത് ഏലിശാക്ക് കാണുവാൻ കഴിഞ്ഞു, അവൻ അവനെ ഒരു സ്നേഹിതനായി കണ്ടു. തന്റെ അടുത്തുള്ള ഏലിശായുമായിട്ടായിരുന്നു ഏലിയാവ് തന്റെ അവസാന ദിവസം ചെലവഴിച്ചത്.

വേദഭാഗത്തോടൊപ്പമുള്ളവർ പറഞ്ഞേക്കാം, ''ഒരു നിമിഷം നിൽക്കുക. ഏലിയാവ് ഏലിശയെ ഒഴിവാക്കുവാൻ ശ്രമിച്ചു.'' അതു ശരിയാണ്, ഏലിയാവ് പറഞ്ഞു, ''ഞാൻ പോകുമ്പോൾ, നീ ഇവിടെ [ഗിൽഗാലിൽ] നിൽക്ക.'' അതിന്നു ഏലിശാ മറുപടി പറഞ്ഞു, ''യഹോവയാണെ, നിന്റെ ജീവനാണെ ഞാൻ നിന്നെ വിടുകയില്ല.'' (വാക്യം 2). ഫലത്തിൽ, ആ അദ്ധ്യായത്തിൽ ഏലിയാവ് ഓരോ അടി വെക്കുമ്പോഴും ഇതു നടക്കുന്നുണ്ട്.

പണ്ഡിതന്മാർക്ക് ഇവിടെ വിഷമം നേരിട്ടിട്ടുണ്ട്. ഏലിയാവ് കൃത്യമായി എന്താണ് ഇതിൽ നേടുവാൻ ആഗ്രഹിച്ചത്? ഏലിയാവ് ഏലിശാ തന്നോടു കൂടെ പോരുവാൻ ആഗ്രഹിച്ചില്ല എന്നു ഒരു നോട്ടത്തിൽ തോന്നിയേക്കാം. എങ്ങനെയായാലും, സംഭവത്തിന്റെ അവസാനം, ഏലിയാവ് ഏലിശയോടു പറയുന്നത്, അവനെ വിട്ടുപോയാൽ അവന് പ്രതിഫലം കിട്ടുമെന്നാണ്. അതു കൊണ്ട് ഏലിയാവ് ഏലിശയെ വെറുതെ വിട്ടുകളയുവാൻ ശ്രമിച്ചു എന്നു വിചാരിക്കുക വിഷമമാണ്.

ഏലിയാവ് യാത്ര പറഞ്ഞു പിരിയുന്നത് ഇഷ്ടപ്പെട്ടില്ല എന്നാണ് ചിലർ പറയുന്നത്. എന്റെ ഭാര്യ ജോ അതുപോലെയാണ്. ഞങ്ങൾ യാത്രയായപ്പോൾ, ഒന്നിലധികം പേരോട് ''ഗുഡ് ബൈ'' പറയുവാൻ വിമാനത്താവളത്തിലേക്ക് വരേണ്ട എന്നു പറയുന്നതു ഞാൻ കേട്ടു. ക്ഷീണിപ്പിക്കുന്ന ദീർഘയാത്ര ഏലിശാ ഒഴിവാക്കുവാനായിരുന്നു ഏലിയാവ് അങ്ങനെ പറഞ്ഞതെന്ന് വേറെ ചിലർ കരുതുന്നു. അതും ശരിയായി തോന്നുന്നില്ല.

ഞാൻ വായിച്ചപ്പോൾ ലഭിച്ച ഏറ്റവും നല്ല ഉത്തരം ഏലിയാവ് ഏലിശയെ പരീക്ഷിക്കുകയായിരുന്നു എന്നതാണ്. നവോമി രൂത്തിനോട് അവളുടെ സ്വദേശത്തു തന്നെ താമസിക്കുവാൻ പറയുന്ന ഇതേ പരീക്ഷണം നാം കാണുന്നുണ്ട് (രൂത്ത് 1:11–13). ''നിനക്കു നൽകുവാൻ എനിക്ക് ഇനി ആൺമക്കളില്ല.'' നവോമി പറഞ്ഞു, ''നീ അന്യദേശത്ത് അന്യയായിരിക്കും.'' ഒരുപക്ഷെ ഏലിശായുടെ സൗഹൃദം എത്രമാത്രം ദൃഢമാണെന്ന് ഏലിയാവ് പരീക്ഷിച്ചതാവാം. അതു പരിശോധന ആയിരുന്നുവെങ്കിൽ, ഏലിശാ അതിനെ വിജയകരമായി അതിജീവിച്ചു. ''നീ ഇവിടെ താമസിച്ചു കൊൾക'' എന്നു ഏലിയാവ് ഏലിശായോട് പറഞ്ഞതിന് പ്രതികരണമായി ഏലിശാ പറഞ്ഞു, ''യഹോവയാണെ, നിന്റെ ജീവനാണെ ഞാൻ നിന്നെ വിട്ടുപോകയില്ല.'' ''നിനക്ക് എന്നെ വേണ്ടെങ്കിലും, നിന്റെ സ്നേഹിതനായതിനാൽ, ഞാൻ വിട്ടുപോകയില്ല'' എന്നാണ് ഏലിശാ പറഞ്ഞതെന്നാണ് ഞാൻ വിചാരിക്കുന്നത്.

സ്നേഹിതന്മാർ അതിശയമുളവാക്കുന്നവരാണ്. ''മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല'' (ഉൽപത്തി 2:18). ശരിയായതു ചെയ്യുവാൻ നമ്മെ പ്രോൽസാഹിപ്പിക്കുന്ന സ്നേഹിതന്മാർ നമുക്ക് വേണം – ദൈവത്തിൽ ദാവീദിന്റെ കരത്തിന് ശക്തി നൽകിയ യോനാഥാനെ പോലെ (1 ശമുവേൽ 23:16, അക്ഷരികമായി ചേർത്തിരിക്കുന്നു). നമ്മിൽ പലരും കർത്താവിലുള്ള നമ്മുടെ സ്നേഹിതന്മാരെ കാണുന്നത് നമ്മുടെ വീട്ടിലുള്ളവരെയാണ്: ദൈവഭക്തിയുള്ള ഭാര്യ, അല്ലെങ്കിൽ ഭർത്താവ്, ക്രിസ്തീയ മാതാപിതാക്കൾ, ക്രിസ്തീയ മക്കൾ. ഇതു നമ്മുടെ അവസാന ദിവസമാണെന്ന് അറിഞ്ഞാൽ, നാം നമ്മുടെ സ്നേഹിതന്മാരോടുകൂടെ ആയിരിപ്പാൻ ആഗ്രഹിക്കും, അവരുടെ സാന്നിധ്യം നമുക്ക് നല്ല അനുഭവമായിരിക്കും.

## നിങ്ങളുടെ അവസാന നാൾ ദൈവവേലക്കായി ചെലവഴിക്കുക (2:2-5)

ഒരു കുട്ടി നിധി അന്വേഷിക്കുന്നതുപോലെയായിരുന്നു ഏലിയാവിന്റെ യാത്ര: ''കപ്ബോർഡിലേക്കു പോകുക.'' അവിടെ ചെല്ലുമ്പോൾ, ''ക്ലോസെറ്റിൽ പോകുക'' എന്ന കുറിപ്പ് ലഭിക്കും. അവിടെ ചെല്ലുമ്പോൾ, ''കിടക്കക്കടിയിൽ നോക്കുക'' എന്ന കുറിപ്പ് ലഭിക്കും. എന്തുകൊണ്ടാണ് ഈ അലഞ്ഞു തിരിയുന്ന യാത്ര? അതിന് ഒരുദ്ദേശമുണ്ടായിരുന്നോ, ഉണ്ടെങ്കിൽ

അതെന്തായിരുന്നു? തുടർന്നു വരുന്ന വാക്യങ്ങളിൽ അതിനുത്തരമുണ്ടെന്നു തോന്നുന്നു:

> അങ്ങനെ അവർ ബെഥേലിലേക്ക് പോയി. ബെഥേലിലെ പ്രവാചകശിഷ്യന്മാർ ഏലിശയുടെ അടുക്കൽ പുറത്തു വന്നു അവനോട്, ''യഹോവ ഇന്നു നിന്റെ യജമാനനെ നിന്റെ തലെക്കൽനിന്നു എടുത്തുകൊള്ളും എന്നു നീ അറിയുന്നുവോ'' എന്നു ചോദിച്ചു. അതിന്നു അവൻ ''അതെ ഞാൻ അറിയുന്നു;'' നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു. ഏലിയാവ് അവനോട്, ''ഏലീശയേ നീ ഇവിടെ താമസിച്ചുകൊൾക; യഹോവ എന്നെ യെരിഹോവിലേക്ക് അയച്ചിരിക്കുന്നു എന്നു പറഞ്ഞു.'' അതിന്നു അവൻ ''യഹോവയാണെ, നിന്റെ ജീവനാണെ ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞു.'' അങ്ങനെ അവർ യെരിഹോവിലേക്ക് പോയി. യെരിഹോവിലെ പ്രവാചകശിഷ്യന്മാർ ഏലിശയുടെ അടുക്കൽവന്നു അവനോട്, ''യഹോവ ഇന്നു നിന്റെ യജമാനനെ നിന്റെ തലെക്കൽനിന്നു എടുത്തുകൊള്ളും എന്നു നീ അറിയുന്നുവോ'' എന്നു ചോദിച്ചു. അതിന്നു അവൻ ''അതേ ഞാൻ അറിയുന്നു, നിങ്ങൾ മിണ്ടാതിരിപ്പിൻ'' എന്നു പറഞ്ഞു (വാക്യങ്ങൾ 2-5).

ആ യാത്ര നടത്തിയ സ്ഥലങ്ങൾ ചരിത്ര പ്രാധാന്യമുള്ളതും പ്രത്യേകമായി ഓർമ്മിക്കത്തക്കതുമായിരുന്നതിനാലാണെന്ന് ഒരു പണ്ഡിതൻ ബോധ്യമാക്കിയിരിക്കുന്നു. ആ മൂന്നു സ്ഥലങ്ങളും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളാണ് എന്നത് വാസ്തവമാണ്: ഗിൽഗാൽ (യോശുവയുമായി ബന്ധപ്പെട്ടതാണെങ്കിൽ) ആരംഭ സ്ഥലമായിരുന്നു. ബെഥേൽ എന്ന വാക്കിനു ''ദൈവഗൃഹം'' എന്നാണർത്ഥം, അത് യാഗപീഠ സ്ഥലമായിരുന്നു, അവിടേക്കായിരുന്നു അബ്രഹാമും അവന്റെ കുടുംബത്തിലെ മനുംഗങ്ങളും വീണ്ടും വീണ്ടും മടങ്ങിവന്നത്. യോശുവക്കും ദൈവജനത്തിനും വലിയ ജയം നൽകിയ സ്ഥലമായിരുന്നു യെരീഹോ. ദൈവം ഏലിയാവിനോട് അത് ഓർക്കുവാൻ മാത്രം ആ സ്ഥലങ്ങളിൽകൂടെ പോകുവാൻ പറഞ്ഞു എന്ന് ഞാൻ സംശയിക്കുന്നു. ഉത്തരം വളരെ തീർച്ചയുള്ളതാണെന്നു ഞാൻ കരുതുന്നു: ആ പട്ടണങ്ങളിലായിരുന്നു പ്രവാചകന്മാരുടെ പാഠശാലകൾ (ലിവിങ് ബൈബിളിൽ സമാന്തര പ്രയോഗം നടത്തിയിരിക്കുന്നത് ''ബെഥേൽ സെമിനാരി,'' ''യെരിഹോ സെമിനാരി'' എന്നാണ്. നാം അതിനെ ''ബെഥേൽ പിടിഎസ് [പീച്ചർ ട്രെയിനിങ് സ്ക്കൂൾ]'' എന്നും ''യെരിഹോ പിടിഎസ്'' എന്നും പറയും). ഏലിയാവ് ആ സ്കൂളുകളിൽ പോയത് അവർക്ക് അവസാന ചുമതല നൽകുവാനായിരിക്കും. - മോശയും, യോശുവയും, യേശുവും വിട്ടുപിരിയുന്നതിനു മുൻപ് നൽകിയതുപോലെ.

''പ്രവാചകന്മാരുടെ സന്തതികൾ'' എന്നതുകൊണ്ട് അവരുടെ അപ്പന്മാരെല്ലാം പ്രവചിക്കുന്നവരായിരുന്നു എന്നു ധരിക്കരുത്. ''സന്തതികൾ'' എന്നത് എബ്രായ പ്രയോഗമാണ്, അർത്ഥം ''സ്വഭാവത്തിൽ പങ്കുകാരാകുക'' എന്നാണ്. അവർ പ്രവാചക പരിശീലകരായിരുന്നു. ഉപദേഷ്ടാക്കന്മാരായി-പരിശീലനം നടത്തുന്നവർ എന്നു പറയുന്നതുപോലെ.

ആ സ്കൂളുകളെ കുറിച്ചും ഏലിയാവിന് അവയുമായുള്ള ബന്ധത്തെ കുറിച്ചും കൂടുതലായി അറിഞ്ഞിരുന്നുവെങ്കിൽ എന്നു ഞാൻ ആശിക്കുന്നു.

അതേ സ്കൂളുകൾ ശമുവേലിന്റെ കാലത്തുണ്ടായിരുന്നു, എന്നാൽ ഏലിയാവിന്റേയും ഏലിശായുടേയും കാലത്തുണ്ടായിരുന്നവ കൂടുതൽ വിപുലമായതും ആഴമേറിയതുമായിരുന്നു. ഏലിയാവാണ് ആ സ്കൂളുകൾ തുടങ്ങിയതും നയിച്ചിരുന്നതും എന്ന് ഒരു പാരമ്പര്യം പറയുന്നു. അതു ശരിയായിരിക്കാം, കാരണം ഏലിയാവിനു പകരം ഏലിശാ വന്നു ആ സ്കൂളുകളുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു (2 രാജാക്കന്മാർ 6:1 മുതലായവ).

ഏലിയാവ് ആ സ്കൂളുകളിൽ അവസാനം ചെന്നപ്പോൾ സംഭവിച്ചതെല്ലാം അറിഞ്ഞിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു എന്നു ഞാൻ ആഗ്രഹിക്കുന്നു. ഓരോ സമയത്തും പ്രവാചകശിഷ്യന്മാർ വന്നു ചോദിക്കുന്നു, ''നിന്റെ യജമാനൻ ഇന്നു നിന്റെ തലെക്കൽനിന്നു എടുത്തുകൊള്ളും എന്നു നീ അറിയുന്നുവോ?'' (''ഇന്നെക്കു ശേഷം നിന്നെ നയിക്കുവാൻ ഏലിയാവ് ഉണ്ടാവുകയില്ല'') ഓരോ സമയത്തും ഏലിശായുടെ ഉത്തരം ''അതേ ഞാൻ അറിയുന്നു'' എന്നായിരുന്നു. ഒരുപക്ഷെ ഏലിയാവ് പറഞ്ഞത്, ''ഇത് ഏലിയാവിന്റെ അവസാന ദിവസമാണെന്ന് നമുക്ക് എല്ലാവർക്കും അറിയാം, പക്ഷെ അതല്ല പ്രധാനപ്പെട്ടത്. പ്രധാനപ്പെട്ടത് എന്തെന്നാൽ, അവനു പറയുവാനുള്ളത് എന്തെന്ന്, മിണ്ടാതിരുന്നു കേൾക്കുക.''[4]

ആ പ്രവാചക-ശിഷ്യന്മാരോട് ഏലിയാവ് എന്താണ് പറഞ്ഞത്? അവന്റെ അവസാന പ്രസംഗം, മോശെയുടേയോ, അല്ലെങ്കിൽ യേശു തന്റെ ശിഷ്യന്മാർക്ക് യോഹന്നാൻ 14–16–ൽ നൽകിയതുപോലെയോ ആയിരുന്നേക്കാം. ഒരുപക്ഷെ ഏലിയാവ് ഇങ്ങനെ ഒരു പ്രാത്ഥനയോടുകൂടെ അവസാനിപ്പിച്ചിരിക്കാം:

> ''ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല, ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധപിതാവേ, അവർ നമ്മെ പോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ ...'' (യോഹന്നാൻ 17:11).

ഏലിയാവ് പ്രവാചകശിഷ്യന്മാരുടെ സ്കൂളുകൾ സന്ദർശിച്ചതിന്റെ ഉദ്ദേശവും അവൻ അവരോട് പറഞ്ഞതും എന്തായാലും ഒരു കാര്യം തീർച്ചയാണ്: ഏലിയാവ് തന്റെ ഭൂമിയിലെ അവസാന ദിവസം ദൈവസേവനത്തിനായി ചെലവഴിച്ചു!

തന്റെ ഭൂമിയിലെ ജീവിതത്തിന്റെ അവസാന ദിവസം അടുത്ത ദിവസമാണെന്ന് അറിഞ്ഞാൽ എന്തു ചെയ്യും എന്ന് ഇംഗ്ലണ്ടിലെ ഒരു ഉപദേഷ്ടാവിനോട് വർഷങ്ങൾക്ക് മുൻപ് ചോദിച്ചതിന്, അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു, ''ഞാൻ രാവിലെ 6.00 മണിക്ക് എഴുന്നേറ്റ് ഒരു മണിക്കൂർ പ്രാർത്ഥിക്കുകയും വായിക്കുകയും ചെയ്ത ശേഷം, പ്രാതൽ ഭക്ഷണം കഴിക്കും. പിന്നെ രാവിലെ മുഴുവൻ വായിച്ച ശേഷം ഉച്ചക്ക് ലഘുവായ ഭക്ഷണം കഴിച്ചശേഷം, ആസ്പത്രിയിലും മറ്റും രോഗികളെ സന്ദർശിക്കും, വൈകുന്നേരം ഭക്ഷണശേഷം മദ്ധ്യവാര ബൈബിൾ പഠനത്തിനു പോയി മടങ്ങി വന്നു ഒരു ഗ്ലാസ് ചായ കുടിച്ച് കിടന്നുറങ്ങും.'' മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അദ്ദേഹം എപ്പോഴും ചെയ്തുപോരുന്നതു ചെയ്യും എന്നർത്ഥം. അദ്ദേഹത്തിന്റെ *ഓരോ ദിവസവും* കർത്താവിന്റെ വേലക്കായിട്ടാണ് അദ്ദേഹം ചെലവഴിച്ചത്.

നാമെല്ലാവരും തിരക്കുള്ളവരാകണം, പക്ഷെ വെറുതെ തിരക്കുള്ളവരാകു

കയല്ല. നാം *ദൈവവേലയിൽ* തിരക്കുള്ളവരാകണം. നമ്മുടെ ജീവിതത്തിനു ദൈവത്തിന്റേതായ ഉദ്ദേശമുണ്ട്. നാം എന്തു ചെയ്യണമെന്ന് ദൈവം അരുളി ചെയ്തിരിക്കുന്നു, അതിലായിരിക്കണം നാം തിരക്കുള്ളവരാകേണ്ടത്.

## നിങ്ങളുടെ അവസാന നാൾ നന്മക്കായി സ്വാധീനം ചെലുത്തുവാൻ ഉപയോഗിക്കുക (2:2-10)

ചെയ്യുവാൻ വിട്ടുപോയ കാര്യങ്ങൾ ചെയ്തു തീർക്കുവാനാണ്, മിക്ക ആളുകളും തങ്ങളുടെ അവസാന ദിവസം തിരിച്ചറിഞ്ഞാൽ ചെയ്യുക. മറ്റു കാര്യങ്ങളോടൊപ്പം അവർ തുടങ്ങി വെച്ച ഏതെങ്കിലും നല്ല പ്രവൃത്തികൾ ഏററവും നല്ല രീതിയിൽ പൂർത്തിയാക്കുവാനായിരിക്കും അവർ ശ്രമിക്കുക. അതായിരിക്കണം ഏലിയാവ് ചെയ്തത് (ദൈവ നടത്തിപ്പിനാൽ) പ്രവാചക ന്മാർക്കുള്ള സ്കൂളുകൾ സന്ദർശിച്ച് അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും അവസാനം ഏലിശായെ ചുമതല ഏൽപിക്കയും ചെയ്തു കാണും.

> ഏലിയാവ് അവനോട് [ഏലിശയോട്] ''നീ ഇവിടെ താമസിച്ചുകൊൾക, യഹോവ എന്നെ യോർദ്ദാങ്കലേക്ക് അയച്ചിരിക്കുന്നു എന്നു പറഞ്ഞു''. അതിനു അവൻ, ''യഹോവയാണെ, നിന്റെ ജീവനാണെ ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞു.'' അങ്ങനെ അവർ ഇരുവരും കൂടെ പോയി.
> പ്രവാചകശിഷ്യന്മാരിൽ അമ്പതുപേർ ചെന്നു അവർക്കെതിരായി ദൂരത്തുനിന്നു. അവർ ഇരുവരും യോർദ്ദാന്നരികെ നിന്നു (വാക്യങ്ങൾ 6, 7).

യെരിഹോവിലെ ''പ്രീച്ചർ ട്രെയിനിങ്ങ് സ്കൂളിൽ'' ചുരുങ്ങിയത് അമ്പ തുപേരുണ്ടായിരുന്നു - വേല ചെയ്യുവാൻ ആവശ്യമായ സംഖ്യയായിരുന്നു അത്! എന്തു സംഭവിക്കുമെന്നറിയുവാൻ ആ ''അമ്പതു പേർ അവർക്കെതിരെ ദൂരെ മാറി നിന്നു.'' യെരിഹോവിനടുത്ത് ഉയർന്ന പ്രദേശങ്ങൾ പലതുണ്ടാ യിരുന്നു. അവർ ആ ഉയർന്ന പ്രദേശങ്ങളിലൊന്നിലായിരുന്നു നിന്നതെങ്കിൽ, അവർ ഏലിയാവിൽനിന്നും ഏലിശയിൽനിന്നും അനേകമൈലുകൾ അക ലെയായിരിക്കും.

ഏലിയാവിന്റെ അവസാന ദിവസത്തെ സമയം എണ്ണപ്പെട്ടുകൊണ്ടിരുന്ന പ്പോൾ, രസകരമായ ഒന്നു സംഭവിച്ചു:

> അപ്പോൾ ഏലിയാവ് അവന്റെ പുതപ്പ്[5] എടുത്ത് മടക്കി വെള്ളത്തെ അടിച്ചു; അതു തെക്കോട്ടും വടക്കോട്ടും പിരിഞ്ഞു. അങ്ങനെ അവർ ഇരുവരും ഉണങ്ങിയ നിലത്തുകൂടെ അക്കരക്കു കടന്നു (വാക്യം 8).

ഏലിയാവ് തന്റെ പുതപ്പ് ചുരുട്ടി ഒരു വടി പോലെ ആക്കി വെള്ളത്തെ അടി ച്ചു - മോശെ പണ്ട് ചെങ്കടലിൽ അടിച്ചതുപോലെ - വെള്ളം വേർപിരിഞ്ഞു. യോശുവയും സംഘവും പണ്ട് യോർദ്ദാൻ നദി കടന്നുപോയതുപോലെ അവർ ഉണങ്ങിയ നിലത്തുകൂടെ കടന്നുപോയി (യോശുവ 3:17).[6]

> അവർ അക്കരെ കടന്നശേഷം ഏലിയാവ് ഏലിശയോട്, ''ഞാൻ നി

ങ്കൽനിന്നു എടുത്തുകൊള്ളപ്പെടുമ്മുമ്പെ ഞാൻ നിനക്ക് എന്തു ചെയ്തു തരേണം? ചോദിച്ചു കൊൾക'' എന്നു പറഞ്ഞു. അതിന്നു ഏലിശാ ''നിന്റെ ആത്മാവിൽ ഇരട്ടി പങ്ക് എന്റെ മേൽ വരുമാറാകട്ടെ എന്നു പറഞ്ഞു'' (വാക്യം 9).

ഏലിശാ ഏലിയാവിന്റെ ആത്മാവിൽ ''ഇരട്ടി പങ്ക്'' ചോദിച്ചപ്പോൾ, ഏലിയാവിനുണ്ടായിരുന്ന ശക്തിയുടെ ഇരട്ടി ശക്തി ആവശ്യപ്പെട്ടു എന്നു തോന്നിയേക്കാം. എങ്ങനെയായാലും, തുടർന്നുള്ള അദ്ധ്യായങ്ങൾ വായിച്ചാൽ, ഏലിശക്ക് ഏലിയാവിനുണ്ടായിരുന്ന ശക്തിയുടെ ഇരട്ടി ശക്തിയുണ്ടായിരുന്നതായി കാണുന്നില്ല. ഒരുപക്ഷെ ഏലിയാവിന്റെ ആത്മിയ അവകാശ പങ്കായിരിക്കാം ഏലിശാ ചോദിച്ചത്; മൂത്ത മകനുള്ള ''ഇരട്ടി ഓഹരി'' (ആവർത്തനപുസ്തകം 21:17). ഏലിയാവ് തന്റെ ആത്മിയ പിതാവായി ഏലിശാ കണ്ടിരിക്കാം (വാക്യം 12).

''അവൻ [ഏലിയാവ്] പറഞ്ഞു, 'നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്' '' (വാക്യം 10) അതു ''പ്രയാസം'' ഉള്ളതാകുവാൻ കാരണം ആ ആവശ്യം നിറവേറുവാൻ ദൈവത്തിനു മാത്രമെ കഴിയുകയുള്ളു; ഏലിയാവിനു വ്യക്തിപരമായി ചെയ്യുവാൻ സാധിക്കുന്നതായിരുന്നില്ല. എങ്ങനെയായാലും ഒരു നിബന്ധനയുണ്ടായിരുന്നു: '' 'ഞാൻ നിങ്കൽനിന്നു എടുത്തുകൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ, നിനക്ക് അങ്ങനെ ഉണ്ടാകും; അല്ലെന്നുവരികിൽ ഉണ്ടാകയില്ല' '' (വാക്യം 10). (ഏലിയാവ് എടുക്കപ്പെടുന്നത് ഏലിശാ **കണ്ട** തിനാൽ, ഏലിയാവ് പറഞ്ഞതുപോലെ, ഏലിയാവിന്റെ പുതപ്പ് ഏലിശയുടെ മേൽ വീഴു*കയും* അവന് ''ഇരട്ടി പങ്ക് ലഭിക്കുകയും ചെയ്തു.)

തന്റെ ജീവിത ദൗത്യത്തിൽ ഏലിയാവ് വിജയിച്ചോ അതോ പരാജയപ്പെട്ടോ? ബാലിനെ ആരാധിക്കുന്നത് തുടച്ചുനീക്കുന്നതിനാണ് അവനെ അയച്ചത്. അത് അവൻ സാധിച്ചോ? ആഹാബ് ലജ്ജയോടെ മരിച്ച ശേഷവും, അവന്റെ മകനായ അഹസ്യാവ് അരുളപ്പാട് ചോദിപ്പാൻ ബാൽസെബൂബിന്റെ അടുക്കൽ ആളയച്ചു. അദ്ധ്യായം 10-ൽ യേഹു, അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരെ കൂട്ടത്തോടെ കൊന്നൊടുക്കുന്നതുവരെ വിഗ്രഹാരാധന തുടർന്നിരുന്നു. ഏലിയാവ് പരാജയപ്പെട്ടോ?

ഇല്ല! അവൻ പരാജയപ്പെ*ട്ടില്ല*. മൂന്നു വിധത്തിൽ അവൻ വിജയിച്ചു. (1) തന്റെ കഴിവിന്റെ പരമാവധി അവൻ ദൈവേഷ്ടം ചെയ്തു. ഒരു മനുഷ്യനിൽനിന്നും അതിൽ കൂടുതൽ ദൈവം ആവശ്യപ്പെടുന്നില്ല. (''നമുക്കുള്ളതിനപ്പുറമല്ല, നമുക്കുള്ളതിൽ ഏറ്റവും നല്ലതാണ് ദൈവം ആവശ്യപ്പെടുന്നത്'' എന്ന ബോർഡ് അടുത്ത സമയത്ത് കണ്ടത് എനിക്ക് ഇഷ്ടപ്പെട്ടു).

(2) ബാലിനെ ആരാധിക്കുന്നത് അവന്റെ പരിശ്രമഫലമായിട്ടാണ് ചുരുങ്ങിയത്.[7] ഏലിയാവ് വരുന്നതിനു മുൻപ് പ്രവാചകശിഷ്യന്മാർക്കുള്ള സ്കൂളുകൾ തുടങ്ങുക അസാധ്യമായിരുന്നു. ഏലിയാവ് രംഗത്തേക്ക് വരുന്നു. അദ്ധ്യായം 3-ൽ നാം വായിക്കുന്നത്, അടുത്തു വരുന്ന രാജാവ് ദുഷ്ടനായിരുന്നുവെങ്കിലും, ''അവൻ തന്റെ അപ്പനുണ്ടാക്കിയ ബാലിന്റെ വിഗ്രഹം നീക്കിക്കളഞ്ഞു'' (വാക്യം 2).

(3) എല്ലാറ്റിലുമുപരിയായി, താൻ തുടങ്ങി വെച്ച ദൗത്യം തന്റെ ശേഷവും തുടരുവാനുള്ള ഒരുക്കങ്ങൾ അവൻ ചെയ്തിരുന്നു. ഒരു ഏലിയാവിനെ കൂടാതെ ഒരു ഏലിശാ ഉണ്ടാകുമായിരുന്നില്ല - ഒരുപക്ഷെ പ്രവാചകശിഷ്യ

ന്മാർക്ക് സ്കൂളുകളും ഉണ്ടാകുമായിരുന്നില്ല.

കാലം ഉണ്ടാകുന്നതുവരെ ഏലിയാവിന്റെ സ്വാധീനവും നിലനിൽക്കും.[8] മശിഹായ്ക്ക് വഴി ഒരുക്കുവാൻ വരുന്നവനെ കുറിച്ച് മലാഖി പറഞ്ഞപ്പോൾ അവനെ ''ഏലിയാവ്'' എന്നാണ് വിളിച്ചത്. ഏലിയാവിന്റെ ആത്മാവിൽ വന്ന യോഹന്നാൻ സ്നാപകനെ കുറിച്ചായിരുന്നു മലാഖി സൂചിപ്പിച്ചത് (ലൂക്കൊസ് 1:17). പാപത്തെ സഹിച്ചുകൂടാതിരുന്ന യേശുവിനെ കണ്ട ചിലർ വിചാരിച്ചത്, സ്വർഗത്തിൽ നിന്നു തീ ഇറക്കിയ ഏലിയാവ് പുനരവതരിച്ചതാണെന്നാണ്. മറുരൂപമലയിൽവെച്ച് യേശുവിനോട് മോശെയും ഏലിയാവും സംഭാഷിച്ചിരുന്നു. പൗലൊസും യാക്കോബും ചെയ്തതുപോലെ യേശുവും ഏലിയാവിന്റെ ജീവിതം എടുത്തു വിലയേറിയ പാഠങ്ങൾ പഠിപ്പിച്ചിരുന്നു. യേശു മരിക്കുമ്പോൾ, അവൻ ഏലിയാവിനെ വിളിക്കുന്നു എന്നാണ് ചിലർ ധരിച്ചത്. പെസഹാ പെരുന്നാളിലും, പരിഛേദനാ ചടങ്ങിലും, ഓർത്തഡോക്സുകാരായ യഹൂദന്മാർ ഏലിയാവിന് മേശമേൽ സ്ഥാനം കൊടുക്കും.[9]

നാം എല്ലാവരും ഈ ഭൂമിയിൽ ഒരിക്കൽ മരിക്കും, അതിന്റെ ഫലം എന്തായിരിക്കുമെന്ന് നാം ചിന്തിക്കണം. മരിച്ചവനാണെങ്കിലും, ഹാബേൽ ഇന്നും സംസാരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു (എബ്രായർ 11:4). അനേകം പേർ, തങ്ങൾ മരിക്കുമെന്ന് അറിഞ്ഞാൽ (ഏതെങ്കിലും മാരകമായ രോഗത്താലോ മറ്റോ), ഈ കാര്യത്തെ കുറിച്ച് വളരെ ചിന്തിക്കും. അവർ തങ്ങളുടെ മക്കളോടും കൊച്ചുമക്കളോടും അതിനെ കുറിച്ച് ഗൗരവമായി പറയും (എന്റെ വല്ല്യമ്മ ഡാക്കസ് അങ്ങനെ പറഞ്ഞിട്ടുണ്ട്.) ചിലർ പിന്നീട് വായിക്കേണ്ടതിന് എഴുത്തുകൾ എഴുതും; വേറെ ചിലർ കാസന്റുകളോ വീഡിയോ ടേപ്പുകളോ ഇറക്കും. അവരുടെ ഹൃദയത്തിനു ബോധിച്ചവരുണ്ടെങ്കിൽ, അവർ വിശ്വസ്ത ക്രിസ്ത്യാനികളായി തീരുവാൻ പ്രബോധിപ്പിക്കും. അതുവരെയും തീരുമാനം എടുക്കാത്തവരെ അതിനായി ഉത്തേജിപ്പിക്കും. ചിലർ തങ്ങളുടെ ദൗത്യത്തിൽ, മിഷൻ സ്ക്കൂളുകൾ അല്ലെങ്കിൽ അവർക്ക് ശേഷം സുവിശേഷപ്രചരണത്തിനായി പ്രീച്ചർ-ട്രെയിനിങ്ങ് സ്കൂളുകൾ തുടങ്ങുവാനായിരിക്കും പദ്ധതിയിടുന്നത്. *ഏതെങ്കിലും വിധത്തിൽ* തങ്ങളുടെ സ്വാധീനം പിന്നീടുള്ളവർക്ക് നന്മക്കായി പരിണമിക്കുവാൻ ശ്രമിക്കും.

ഏതാനും വർഷങ്ങൾക്ക് മുൻപ്,[10] അർബ്ബുദ ബാധ നിമിത്തം മരണമടഞ്ഞ ഒരു യുവ അമ്മയുടെ ശവസംസ്ക്കാരത്തിൽ പങ്കെടുക്കുവാനായി ഞാൻ പട്രീഷ്യ ആൻ ഹാളിൽ പോയി. അവരുടെ പേർ പാറ്റി എന്നായിരുന്നു. മാസങ്ങളോളം, കഠിന വേദന അനുഭവിച്ചിട്ട് അവർ അവസാന മൂന്നു ദിവസം വേദനയില്ലാതെ കഴിഞ്ഞു. ആ മൂന്നു ദിവസം അവർ തന്റെ മൂന്നു മക്കളേയും മരണത്തെ കുറിച്ചും, തന്റെ മരണത്തിനായി ഒരുങ്ങേണ്ടതിനെ കുറിച്ചും പഠിപ്പിക്കയായിരുന്നു.

ഭൂമിയിലെ നമ്മുടെ അവസാന ദിവസം നാളെ ആണെന്നറിഞ്ഞാൽ, ഇതുപോലെയുള്ള പ്രവൃത്തികളായിരിക്കും നാം പ്രാധാന്യമുള്ളതായി കാണുക.

### നിങ്ങളുടെ അവസാന ദിവസം ചെലവഴിക്കേണ്ടത് സ്വർഗത്തിലേക്ക് പോകുമെന്ന് ഉറപ്പുവരുത്തുവാൻ (2:11-18)

തന്റെ അവസാന ദിവസം ചെയ്ത പ്രവൃത്തികൾ നിമിത്തമായിരുന്നില്ല ഏലിയാവ് സ്വർഗത്തിലേക്ക് പോയത്, പിന്നെയോ താൻ മുൻപു ചെയ്ത

പ്രവൃത്തികൾ വിപുലപ്പെടുത്തുവാൻ ആവശ്യമായ തയ്യാറെടുപ്പായിരുന്നു നടത്തിയത്, അടുത്ത ഏതാനും വാക്യങ്ങളിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്:

''അവർ [ഏലിയാവും ഏലിശയും] സംസാരിച്ചുകൊണ്ട് നടക്കുമ്പോൾ, ...'' (വാക്യം 11). ആ രംഗം എനിക്ക് ഇഷ്ടമാണ്: രണ്ട് സ്നേഹിതന്മാർ സംസാരിച്ചുകൊണ്ടു നടക്കുന്നു. ജീവിതത്തിലെ നാടകീയ നിമിഷങ്ങളായിരുന്നില്ല ഏലിയാവിന്റെ ജീവിതാവസാനം മനോഹരമാക്കുന്നത്, അവസാനം അവൻ മുട്ടുകുത്തി പ്രാർത്ഥിക്കുകയുമായിരുന്നില്ല; എന്നാൽ അവൻ ഏലിശയോട് സംസാരിച്ചു നടക്കുകയായിരുന്നു. നാം ആരാധിച്ചുകൊണ്ടിരിക്കുമ്പോഴോ അല്ലെങ്കിൽ നാം കർത്താവിനു വേണ്ടി വലിയ ദൗത്യം ചെയ്തുകൊണ്ടിരിക്കുമ്പോഴോ മരിക്കുവാൻ നാം ആഗ്രഹിച്ചേക്കാം, എന്നാൽ മരണം അധികവും മുഷിപ്പനാകുവാനാണ് സാധ്യത. (നാം എപ്പോഴും ഒരുങ്ങിയിരിക്കണം എന്ന ഊന്നലാണ് ഇതു സൂചിപ്പിക്കുന്നത്.)

''അപ്പോൾ അഗ്നിരഥങ്ങളും അഗ്നിയശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു'' (വാക്യം 11). ചില പുരാതന കയ്യെഴുത്തുപ്രതികളിൽ ''രഥം'' എന്നു (ഏകവചനമാണുള്ളത്); മറ്റുള്ളവയിൽ ''രഥങ്ങൾ'' (ബഹുവചനം) ആണുള്ളത്. അതു ദൈവത്തിന്റെ സൈന്യത്തെ സൂചിപ്പിക്കുന്നു എന്നു മാത്രം. 2 രാജാക്കന്മാർ 6:17-ൽ, ഏലീശയുടെ ഭൃത്യന്റെ കണ്ണുതുറക്കുകയും അവൻ ദൈവത്തിന്റെ സൈന്യത്തെ കാണുകയും ചെയ്തു, നാം വായിക്കുന്നു, ''ഏലിശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നത് അവൻ കണ്ടു.'' ആ സംഭവത്തിൽ ''രഥങ്ങൾ'' ദൈവത്തിന്റെ സൈന്യമായിരുന്നു.[11] ലൂക്കോസ് 16:22-ൽ, ലാസർ മരിച്ചപ്പോൾ, ''അവനെ ദൂതന്മാർ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടു പോയി.'' അതാണ് ഇവിടെ സംഭവിച്ചത്. ദൈവത്തിന്റെ അഗ്നിമനുഷ്യൻ ഭൂമിവിട്ടു പോകുവാൻ തയ്യാറായിരുന്നു, അവനെ കൊണ്ടുപോകാൻ ദൂതന്മാരും എത്തി!

''അങ്ങനെ ഏലിയാവ് ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറി'' (വാക്യം 11). അത് നാം പറയുന്ന ചുഴലിക്കാറ്റല്ല, എന്നാൽ ആ ചുഴലിക്കാറ്റ്, ഒരു കൊടുംകാറ്റായിരുന്നു. പൊടി പറക്കുകയും, ഏലിയാവ് മുകളിലേക്കു പോകുകയും ചെയ്തു!

പെട്ടെന്ന്, ''സ്വർഗ്ഗത്തിലേക്ക്'' എന്ന പ്രസ്താവന ഏലിയാവ് നിത്യമായ സ്വർഗ്ഗത്തിലേക്കു നേരേ പോയി എന്നല്ല, അതായത് പാതാള ലോകവും ന്യായവിധിയും കടന്നുള്ള അവസ്ഥ. അതെല്ലാം സൂചിപ്പിക്കുന്നത്, ഏലിയാവ് യേശുവിനെ പോലെ മേഘത്തിൽ എടുക്കപ്പെട്ടത് ആളുകളുടെ കണ്ണിനു മറഞ്ഞു എന്നതാണ്. എങ്ങനെ ആയാലും, അന്നു, ഏലിയാവ്, യഹോവയുടെ ''സന്നിധിയിൽ'' ആയിരുന്നു എന്ന്; *ചില* അർത്ഥത്തിൽ,സംശയ രഹിതമായി പറയാം, കാരണം അവനെ ''നല്ലത്, നല്ലവനും വിശ്വസ്തനുമായ ദാസൻ'' എന്നു പറഞ്ഞു സ്വീകരിച്ചു!

''ഏലിശാ അതുകണ്ടിട്ട്; 'എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളും എന്നു നിലവിളിച്ചു'! പിന്നെ അവനെ കണ്ടില്ല'' (വാക്യം 12). എലീശാ ആ രംഗം നേരിട്ട് കണ്ടതായിട്ടാണ് പറയുന്നത് എന്ന് നാം കരുതുന്നു,[12] അദ്ധ്യായം 13ലേക്കു നാം വരുന്നതു വരെ ഏലീശയുടെ മരണവും അതേ വാക്കുകളും സംസാരിക്കുന്നതു വരെ (വാക്യം 14). അഗ്നിരഥം കാഴ്ചയിൽ കാണുന്നില്ല. അദ്ധ്യായം 13-ൽ, പറയുന്നത് ദൈവത്തിന്റെ സ്വർഗ്ഗിയ സൈന്യത്തെയല്ല, ഏലീശയെ തന്നെയാണ്. 2:12-ൽ, എങ്ങനെ പോ

കുന്നു എന്നു പറയാതെ ഏലീശ മാത്രം പറയുന്നു. ‘‘യിസ്രായേലിന്റെ തേരും തേരാളിയും (കുതിരക്കാരൻ)’’ എന്നു പറയുന്നത് ദൈവത്തിന്റെ സൈന്യത്തെ യാണ്. ‘‘ദൈവത്തിന്റെ ഏക-മനുഷ്യ സൈന്യം പോകുന്നു, ഇനി ഞങ്ങൾ എന്തു ചെയ്യും?’’ എന്നാണ് ഏലിശ പറഞ്ഞത്.

‘‘അപ്പോൾ അവൻ തന്റെ വസ്ത്രം പിടിച്ചു രണ്ടായി കീറിക്കളഞ്ഞു’’ (വാക്യം 12). അതൊരു വലിയ ദുഃഖ ലക്ഷണമായിരുന്നു. ഏലീശ പതറിപ്പോയി.

‘‘പിന്നെ അവൻ ഏലിയാവിന്മേൽ നിന്നു വീണ പുതപ്പു എടുത്തു മടങ്ങി ച്ചെന്നു യോർദ്ദാന്നരികെ നിന്നു’’ (വാക്യം 13). എല്ലാം നഷ്ടപ്പെട്ടോ? ‘‘അവൻ ഏലിയാവിൽ നിന്നു വീണ പുതപ്പ് എടുത്തു വെള്ളത്തിൽ അടിച്ചുകൊണ്ടു പറഞ്ഞു, ‘ഏലിയാവിന്റെ ദൈവമായ യഹോവ എവിടെ?’ ’’ (വാക്യം 14). ‘‘ഏലിയാവ് എവിടെ?’’ എന്നല്ല ചോദിച്ചത്. ഏലിയാവ് എവിടെ എന്നു അവന് അറിയാമായിരുന്നു. ‘‘ഏലിയാവിന്റെ ദൈവം എവിടെ? ഏലിയാവ് പോയാലും *ദൈവം* ഞങ്ങളോടുകൂടെ ഇരുക്കുമോ?’’

ദൈവത്തിന്റെ വലിയ പടയാളി മരിച്ചതിനാൽ, ദൈവം മരിച്ചു എന്ന് അർത്ഥമാകുന്നില്ല, ദാസൻ മാത്രമാണ് മരിച്ചത്.പുതപ്പെടുത്ത് പോകേണ്ടവർ വേറെയുണ്ട്, ദൈവത്തിനു തുടർന്നും പ്രവർത്തിക്കുവാൻ കഴിയും! ‘‘അവൻ വെള്ളത്തെ അടിച്ചപ്പോൾ അതു അങ്ങോട്ടും ഇങ്ങോട്ടും പിരിഞ്ഞു; ഏലീശാ ഇക്കരക്കു കടന്നു’’ (വാക്യം 14). അതേ, ദൈവം അപ്പോഴും പ്രവർത്തിക്കു ന്നു. ദൈവം അപ്പോഴും ജീവനോടെ ഇരിക്കുകയും ഏലീശയിൽ അവൻ പ്ര വർത്തിക്കുകയും ചെയ്തു. ഏലിയാവിന്റെ വേല തുടരുന്നു.

> ‘‘യെരിഹോവിൽ അവനെതിരെ നിന്നിരുന്ന പ്രവാചകശിഷ്യന്മാർ അവനെ കണ്ടിട്ടു: ഏലിയാവിന്റെ ആത്മാവ് ഏലിശയുടെ മേൽ അധിവ സിക്കുന്നു എന്നു പറഞ്ഞു അവനെ ഏതിരേറ്റുചെന്നു അവന്റെ മുമ്പിൽ സാഷ്ടാംഗം വീണു’’ (വാക്യം 15).

ശേഷിച്ച സംഭവം പ്രവാചക ശിഷ്യന്മാർ ഏലിയാവിന്റെ ശരീരം അന്വേ ഷിച്ചു എങ്കിലും, അവർക്ക് അത് കണ്ടെടുക്കുവാനായില്ല (വാക്യങ്ങൾ 16–18).

മനോഹരമായ ജീവിതത്തിന്റെ മനോഹരമായ എന്തൊരു ആന്ത്യം!

നിങ്ങൾ ഒരു പക്ഷേ ചിന്തിച്ചേക്കാം, ‘‘എന്നാൽ അത് ഏലിയാവിന്റേതു മാത്രമായിരുന്നു. രണ്ടുപേർ മാത്രം ഭുമിയിൽ മരിക്കാതിരുന്നതിനാൽ, തീർച്ച യായും എനിക്കത് പ്രതികൂലമായി തോന്നുന്നു. അത്തരം നാടകീയ സംഭവം എനിക്ക് ഒരിക്കലും ഉണ്ടാകുകയില്ലല്ലോ.’’ അത്തരം അനുഭവം നിങ്ങൾക്കും എനിക്കും സാദ്ധ്യതയിൽ പെടുന്നതാണ് – ക്രിസ്തു മടങ്ങിവരുമ്പോൾ നാ ം ജീവിച്ചിരിക്കുമെങ്കിൽ, അവനോടുകൂടെ പോകുവാൻ *ഒരുങ്ങിയിരിക്കുന്നു* വെങ്കിൽ:

> കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവ രികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്ക പ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും

(1 തെസ്സലൊനിക്യർ 4:16, 17).

ക്രിസ്തു മടങ്ങിവരുമ്പോൾ നാം ജീവനോടെ ഇരിക്കുകയാണെങ്കിൽ, നമുക്കു രൂപാന്തരം സംഭവിക്കും; പിന്നെ നാം, ഒരിക്കലും മരിക്കാതിരിക്കേണ്ടതിനു മേഘത്തിൽ കർത്താവിനാൽ എടുക്കപ്പെടും.എങ്ങനെ ആയാലും, നാം ആദ്യം മരിക്കുകയാണെങ്കിൽ അത് ആവേശകരമായിരിക്കും, കാരണം നാം പുതിയ ശരീരത്തോടെ ഉയിർത്തെഴുന്നേറ്റ്, ഏലിയാവ് എടുക്കപ്പെട്ടതുപോലെ നാമും എടുക്കപ്പെടും (1 കൊരിന്ത്യർ 15).

അവസാന നാൾ ഭൂമിയിൽ വെച്ച് ഒരുങ്ങുന്നതിന്റെയെല്ലാം രഹസ്യം അതാണ്.

**ഉപസംഹാരം**

''ഭൂമിയിലെ അവസാന നാൾ എങ്ങനെ ചെലവഴിക്കണം'' എന്നതിനു പറഞ്ഞ അഞ്ചു കാര്യങ്ങൾ നമുക്ക് ആവർത്തിച്ചു നോക്കാം: ദൈവേഷ്ടം ചെയ്യാൻ ചെലവഴിക്കുക. ദൈവത്തിന്റെ സ്നേഹിതന്മാരുമായി ചിലവഴിക്കുക. ദൈവവേലക്കായി ചിലവഴിക്കുക. നന്മ നിലനിൽക്കേണ്ടതിനു നിങ്ങളുടെ സ്വാധീനം തീർച്ചയാക്കുവാൻ ചിലവഴിക്കുക. സ്വർഗ്ഗത്തിലേക്കു പോകുന്നത് ഉറപ്പാക്കുവാൻ ചിലവഴിക്കുക.

ആരെങ്കിലും പറഞ്ഞേക്കാം, ''ആ അവസാന നാൾ എപ്പോഴെന്ന് നമുക്കറിയില്ല.'' അത് വാസ്തവമാണ് (ഒരു ന്യായാധിപൻ പറയുന്നതു വരെ). അതു നമ്മെ മുഖ്യ കാര്യത്തിലേക്കു കൊണ്ടു വരുന്നു: ഇത് നിങ്ങളുടെ ഭൂമിയിലെ അവസാന നാൾ ആണെന്നു കരുതി ഓരോ ദിവസവും ജീവിക്കുക. ''നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ'' (മത്തായി 24:42).

നിങ്ങൾ കർത്താവിന്റെ വരവിനായി ഒരുങ്ങിയിട്ടുണ്ടോ?

---

കുറിപ്പുകൾ

[1]മലമ്പ്രദേശത്തുള്ള അറിയ-പ്പെടാത്ത ഒരു കുഗ്രാമമായിരിക്കാനാണ് മറ്റൊരു സാദ്ധ്യത. [2]ഇതിനെ ഏലിയാവ് നടന്നപ്പോൾ നാം വാഹനത്തിൽ സഞ്ചരിപ്പാൻ ആഗ്രഹിക്കുന്നു എന്നു പറയും. ഇതിനെ നിങ്ങളുടെ സദസ്യർക്കു പരിചയമുള്ള രീതിയിൽ ഉപയോഗിക്കാം. [3]രാജാക്കന്മാർ 3:11-ൽ, അവനെ ഏലിയാവിന്റെ കൈകളിൽ വെള്ളം ഒഴിച്ചവൻ എന്നാണ് പറഞ്ഞത്. [4]മന്നു തർജ്ജിമകളിൽ ''നിന്റെ സമാധാനം പിടിച്ചുകൊൾക.'' അതിനർത്ഥം (ഏലിയാവ് പോകുന്നതിനാൽ) ''നീ പരിഭ്രമിക്കേണ്ട ആവശ്യമില്ല.'' [5]പുതപ്പെന്നു പറയുന്നത് നീണ്ട വസ്ത്രം ചുമലിൽ ചുറ്റിയിടുന്നതാണ്. സെപ്റ്റ്വജിന്റിൽ ''അവന്റെ കമ്പിളി രോമം'' എന്നാണ്. [6]അവർ ഏതിർ ദിശയിൽ പോയില്ലെങ്കിൽ. [7]കൂടുതൽ ചിത്രീകരണങ്ങൾ അടുത്ത പാഠത്തിൽ നൽകിയിരിക്കുന്നു. [8]ഏലിയാവ് ജീവിച്ചതിന്റെ സ്വാധീനം ആ ദിവസം എഴുതപ്പെട്ട സന്ദേശമായിരിക്കാം, ഒരു പക്ഷേ ഏലീശ ഏലിയാവിന്റെ മരണശേഷം അറിയിച്ച സന്ദേശവുമാകാം (2 ദിനവൃത്താന്തം 21:12). ഈ സന്ദേശത്തെക്കുറിച്ച് കൂടുതൽ അറിഞ്ഞിരുന്നു എങ്കിൽ എന്ന് നാം ആഗ്രഹിക്കും - ഏലീശ തന്റെ യജമാനന്റെ വാക്കുകൾ എഴുതിയിരിക്കുന്ന മാതൃക മാത്രമാണ് നമുക്കുള്ളത്. [9]ഏലിയാവ് മരിക്കാതെ സ്വർഗത്തിലേക്ക് എടുത്തുകൊണ്ടതിനാൽ, അവൻ സ്വർഗത്തിൽ രഹസ്യമായി കഴിയുന്നു എന്നും, മശിഹ

വരുന്നതിനു മുൻപ്, അവൻ ഭൂമിയിലേക്കു മടങ്ങിവരുവാൻ ഒരുങ്ങിയിരിക്കുന്നു എന്നുമാണ് അവർ കരുതുന്നത്. എന്നാൽ മശിഹ വന്നുകഴിഞ്ഞു. എങ്ങനെയായാലും അത് അവർക്ക് ഏലിയാവിനോടുള്ള ബഹുമാനത്തെ കാണിക്കുന്നു. [10]മാർച്ച്, 7, 1986.

[11]കൂടാതെ സങ്കീർത്തനങ്ങൾ 104:4 നോക്കുക, അവിടെ ദൂതന്മാരെ ''അഗ്നിജ്വാലയായി'' ഉപമിച്ചിരിക്കുന്നു. [12]രഥങ്ങ (ളും) കുതിരകളും അദൃശ്യമായിരുന്നു എന്നാണ് ചിലർ കരുതുന്നത്. അങ്ങനെയായിരുന്നുവെങ്കിലും, ഏലിശാക്ക് അതു കാണുവാൻ കഴിഞ്ഞിരുന്നു (2 രാജാക്കന്മാർ 6:16, 17 നോക്കുക).

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

- ഏ. ഏതൊരാളുടേയും ജീവിതാന്ത്യ പര്യവസാനമാണ് 2 രാജാക്കന്മാർ 2 ലുള്ളത്. ലോക ചരിത്രത്തിൽ, മരിക്കാതെ സ്വർഗത്തിൽ പോയത് രണ്ടുപേർ മാത്രമാണ്. ഹാനോക്കും (ഉൽപത്തി 5), ഏലിയാവും (2 രാജാക്കന്മാർ 2).
- ബി. 'നിങ്ങൾ നിങ്ങളുടെ അവസാന നാൾ എങ്ങനെ ചെലവഴിക്കും'' എന്നു നാം ചിന്തിക്കുവാൻ പോകയാണ്, കാരണം, 2 രാജാക്കന്മാർ 2-ൽ, ഏലിയാവ് തന്റേത് എങ്ങനെ ചെലവഴിച്ചു എന്നു പറഞ്ഞിരിക്കുന്നു.

I. ദൈവേഷ്ടം ചെയ്തു നിങ്ങളുടെ അവസാന നാൾ ചെലവഴിക്കുക (2:1, 2).
- ഏ. ആ ദിവസത്തെ അന്തിമ സ്ഥാനം ഏലിയാവിന് അറിയാമായിരുന്നില്ല. പകരം, എല്ലായ്പോഴുമെന്നപോലെ, ദൈവം എവിടെ പോകുവാൻ പറഞ്ഞുവോ അവിടെ പോകയും, ദൈവം ചെയ്യുവാൻ പറഞ്ഞതെല്ലാം ചെയ്യുകയും ചെയ്തു. അവൻ ജീവിച്ചതുപോലെ അവന്റെ ജീവിതം അവസാനിച്ചു - ദൈവേഷ്ട മദ്ധ്യേ.
- ബി. എന്തൊരു മാതൃകയാണ് നമുക്ക് അത്.

II. ദൈവഭക്തിയുള്ള സ്നേഹിതരുമായി നിങ്ങളുടെ അവസാന നാൾ ചെലവഴിക്കുക (2:1, 2).
- ഏ. ഏലിയാവ് ''ഒന്തക്കായിരുന്നു,'' അവന് ഒരു സ്നേഹിതൻ വേണമെന്ന് ദൈവം മനസിലാക്കി, അങ്ങനെ അവൻ അവന് ഏലിശയെ നൽകി, ഏലിശാ ദിവസം മുഴുവൻ അവനോടുകൂടെ ആയിരുന്നു.
- ബി. സ്നേഹിതന്മാർ അത്ഭുതാവഹമാണ് (ഉൽപത്തി 2:18; 1 ശമുവേൽ 23:16). ഇതു നമ്മുടെ ഭുമിയിലെ അവസാന ദിവസമാണെങ്കിൽ നാം നമുക്ക് ഇഷ്ടമുള്ളവരുമായി ചെലവിടുവാൻ ആഗ്രഹിക്കും, പ്രത്യേകിച്ച് നാം നല്ല ക്രിസ്ത്യാനികളായി തീരുവാനായി.

III. നിങ്ങളുടെ അവസാന നാൾ ദൈവ വേലക്കായി ചെലവിടുക (2:2–5).
- ഏ. ഏലിയാവിന്റെ ആ ദീർഘയാത്രക്ക് പ്രത്യേക ഉദ്ദേശം ഉണ്ടായിരുന്നോ? ഒരുപക്ഷെ ബെഥേലിലേയും യെരിഹോവിലേയും പ്രവാചകശിഷ്യന്മാർക്കുള്ള സ്കൂളുകൾ സന്ദർശിക്കുന്നതിനായിരിക്കാം. സ്കൂളുകളുമായി അവനുള്ള ബന്ധം എന്തായിരുന്നാലും, അവയെ സന്ദർശിച്ചത് എന്തിനായിരുന്നാലും, ഏലിയാവ് തന്റെ അവസാന നാൾ ദൈവവേലക്കായി ചെലവിട്ടു.
- ബി. നാമെല്ലാവരും കർത്തൃസേവയിൽ തിരക്കുള്ളവരായിരിക്കണം.

IV. നിങ്ങളുടെ അവസാന നാൾ നിങ്ങളുടെ സ്വാധീനം നന്മക്കായി ചെലവിടുക (2:2–10)
- ഏ. ഏലിയാവ് പ്രവാചകശിഷ്യന്മാരുടെ സ്കൂളുകൾ സന്ദർശിക്കുകയും, തന്റെ ദൗത്യം ഏലിശായെ ഏൽപ്പിക്കുകയും ചെയ്തു, അവൻ (യഹോവയുടെ നിയന്ത്രണത്തിൽ) തന്റെ സ്വാധീനം നില നിർത്തുവാൻ യത്നിച്ചു.
  1. ഏലിയാവ് സ്കൂളുകൾ സന്ദർശിച്ച ശേഷം, അവനും ഏലിശയും യോർദ്ദാൻ നദി കടന്നുപോയി.
     - ഏ. ഏലിയാവിന്റെ പുതപ്പ് വെള്ളത്തെ വേർപിരിച്ച് അവർ ഉണ ങ്ങിയ നിലത്തുകൂടെ കടന്നുപോയി (വാക്യം 8).
     - ബി. ഏലിയാവിന്റെ ആത്മാവിന്റെ ''ഇരട്ടി പങ്ക്'' ഏലിശാ ചോദിച്ചു; അത് ഒരുപക്ഷെ ഏലിയാവിന്റെ ആത്മിയ അവകാശത്തിന്റെ പങ്കായിരിക്കാം (ആവർത്തനപുസ്തകം 21:17 നോക്കുക).
  2. ഏലിയാവ് തന്റെ ദൗത്യത്തിൽ വിജയിച്ചോ അതോ പരാജയപ്പെട്ടോ?
     - ഏ. ബാലിനെ ആരാധിക്കൽ അവൻ നിർത്തിയില്ല, പക്ഷെ അവൻ പരാജയപ്പെട്ടില്ല.
       - (1) അവന്റെ കഴിവിന്റെ പരമാവധി അവൻ ദൈവേഷ്ടം ചെയ്തു. ദൈവം അതിൽ കൂടുതൽ ആവശ്യപ്പെടുന്നില്ല.
       - (2) അവന്റെ പരിശ്രമഫലമായി, ബാലിനെ ആരാധിക്കൽ വളരെ ചുരുങ്ങി (2 രാജാക്കന്മാർ 3:2 നോക്കുക).
       - (3) ഒരുങ്ങുവാൻ സഹായിച്ചവരെ, അവൻ തന്റെ ജോലി തികക്കുവാനായി ഏൽപിച്ചിട്ടാണ് പോയത്.
     - ബി. കാലം ഇല്ലാതാകുന്നതുവരെ ഏലിയാവിന്റെ സ്വാധീനം തുടരും.

V. നിങ്ങളുടെ അവസാന നാൾ സ്വർഗത്തിൽ പോകുവാൻ ഉറപ്പാക്കുക (2:11–18).

എ. ഏലിയാവിന്റെ മുൻപ്രവർത്തനങ്ങളെ വികസിപ്പിക്കുവാനും ഉച്ച സ്ഥായിക്കായി തയ്യാറാക്കുവാനും ചുഴലിക്കാറ്റിൽ എടുത്തുകൊ ള്ളത്തക്കവണ്ണമാക്കി!

ബി. ഒരുങ്ങിയാൽ നാം മരിക്കുന്നതിനു മുൻപ് ക്രിസ്തു മടങ്ങി വന്നാൽ നമ്മുടേയും ജീവിതാന്ത്യം അത്തരത്തിലാകും - നാം തയ്യാറായാൽ (1 തെസലൊനിക്യർ 4:16, 17)! നാം മുൻപ് മരിച്ചാ ലും, ക്രിസ്തുവിന്റെ വരവ് നമുക്ക് ആവേശകരമായിരിക്കും (1 കൊരിന്ത്യർ 15)!

ഉപസംഹാരം

എ. ചിലർ പറഞ്ഞേക്കാം, ‘‘എന്റെ അവസാന നാൾ എപ്പോഴാ യിരിക്കും എന്ന് എനിക്ക് അറിയില്ല.’’ ഇത് നമ്മുടെ അവ സാനനാളാണെന്നു വിചാരിച്ചുവേണം നാം ഓരോ ദിവസവും ജീവിക്കുവാൻ (മത്തായി 24:42).

ബി. കർത്താവിന്റെ മടങ്ങിവരവിനായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ - അല്ലെങ്കിൽ നിങ്ങളുടെ മരണത്തിനായി?